"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്-ലൈഫ് മിഷൻ ബ്രിഡ്ജ് ലോൺ-23.10.2020-ലെ ഉത്തരവ് പ്രകാരമുള്ള 138,21,40,223/- രൂപ കെ.യു.ആർ.ഡി.എഫ്.സി. യുടെ അക്കൗണ്ടിലേയ്ക്ക് അനുവദിയ്ക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഡിബി) വകുപ്പ്**

G.O.(Ms)No.165/2020/LSGD    തീയതി,തിരുവനന്തപുരം, 30/10/2020

---

പരാമർശം:- 1 സ.ഉ(സാധാ) നം.688/2019/ത.സ്വ.ഭ.വ നമ്പർ ഉത്തരവ്.

2 കെയുആർഡിഎഫ്.സി മാനേജിംഗ് ഡയറക്ടറുടെ 25/05/2020-ലെ കെ.യു.ആർ.ഡി.എഫ്.സി/എ 2/713/2019(13)നമ്പർ കത്ത്.

3 സ.ഉ(സാധാ) നം. 2004/2020/ത.സ്വ.ഭ.വ തീയതി 23/10/2020.

4 കെ.യു.ആർ.ഡി.എഫ്.സി മാനേജിംഗ് ഡയറക്ടറുടെ 28/10/2020-ലെകെ.യു.ആർ.ഡി.എഫ്.സി/എ 2/713/2019(14)നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം(1) പ്രകാരം എറണാകുളം ജില്ലാ സഹകരണ ബാങ്കിൽ നിന്നും 2019 മാർച്ച് മാസം ബ്രിഡ്ജ് ലോൺ ഇനത്തിൽ എടുത്ത 425 കോടി രൂപയുടെ 3 ഗഡു തിരിച്ചടവ് ഇതിനകം നടത്തിയിട്ടുണ്ട്. ജില്ലാ സഹകരണ് ബാങ്ക് വായ്പ ബാധ്യത തീർപ്പാക്കണമെന്ന് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ 14/05/2020 വരെയുള്ള കുടിശ്ശിക തുകയായ 139,35,44,442/- രൂപ അനുവദിക്കണമെന്ന് പരാമർശം (2) പ്രകാരം കെയുആർഡിഎഫ്.സി മാനേജിംഗ് ഡയറക്ടർ സർക്കാരിനോട് അപേക്ഷിച്ചിരുന്നു. പരാമർശം (3) സർക്കാർ ഉത്തരവ് പ്രകാരം 14/05/2020 -ലെ കുടിശ്ശിക തുകയിൽ നിന്നും പിഴപലിശ ഒഴിവാക്കി 138,21,40,223/- രൂപ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. മേൽ തുക കെയു ആർ ഡി എഫ് സി യുടെ താഴെപ്പറയുന്ന ബാങ്ക് അക്കൗണ്ടിലേയ്ക്ക് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് പരാമർശം (4) പ്രകാരം കെയുആർഡിഎഫ്.സി മാനേജിംഗ് ഡയറക്ടർ അപേക്ഷിക്കുകയുണ്ടായി-

| | |
|---|---|
| Bank | State Bank of India, Vazhuthacaud Branch |
| Account No | 67113187948 |
| IFSC Code | SBIN0070033 |
| Amount | 138,21,40,223/-(Rupees One hundred and Thirty eight crore twenty one lakh forty thousand two hundred and twenty three only) |

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിയ്ക്കുകയും മേൽ തുകയായ 138,21,40,223 രൂപ (നൂറ്റിമുപ്പത്തിയെട്ടുകോടി ഇരുപത്തിയൊന്നുലക്ഷത്തി നാൽപതിനായിരത്തി ഇരുനൂറ്റി ഇരുപത്തിമൂന്നു

രൂപ) കെ.യു.ആർ.ഡി.എഫ്.സി-യുടെ മേൽപറഞ്ഞ അക്കൗണ്ടിലേയ്ക്ക് അനുവദിയ്ക്കുന്നതിന് അനുമതി നൽകി ഇതിനാൽ ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
PATSY STEPHEN
JOINT SECRETARY

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം.

മാനേജിംഗ് ഡയറക്ടർ, കെ.യു.ആർ.ഡി.എഫ്.സി.

സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ജി &എസ്.എസ്.എസ്.എ), കേരളം, തിരുവനന്തപുരം.

ധനകാര്യവകുപ്പ്.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം
Signature Not Verified
Digitally signed by REENAMMA P A
Date: 2020.11.02 14:24:12 IST
Reason: Approved
സെക്ഷൻ ഓഫീസർ

പകർപ്പ്

ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പിഎസ്സിന്.

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പിഎയ്ക്ക്.